# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 988 — 12/12/2012-ൽ മറുപടിക്ക്

## ആദിവാസി ചികിത്സ ലഭിക്കാതെ മരണപ്പെട്ട സംഭവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | അട്ടപ്പാടിയിലെ കാറരഗുസ്സയൂരിൽ രാമൻ മകൻ കൊടിയൻ എന്ന ആദിവാസി ചികിത്സ കിട്ടാതെ നരകയാതനകൾക്കൊടുവിൽ പുഴുവരിച്ച് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | ടിയാൻ ചികിത്സ ലഭിക്കാതെ മരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ ; വിശദമാക്കാമോ ? | ബി | അഗളി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഗുസ്സയൂർ ഊരിലെ ഇരുളർ സമുദായത്തിൽപ്പെട്ട രാമൻ മകൻ കക്കി (കൊടിയൻ) 55 വയസ്സ് എന്ന വ്യക്തി 5 വർഷമായി തളർവാതം ബാധിച്ച് ഇടതു കൈയ്യും കാലും ചലിപ്പിക്കാൻ കഴിയാതെ കിടപ്പിലായിരുന്നു. ശ്രീ. കക്കിയുടെ ഭാര്യയായ ശ്രീമതി ചിണ്ടി ഭർത്താവിന്റെ ശാരീരിക മർദ്ദനം സഹിക്കവയ്യാതെ 5 വർഷം മുമ്പ്തന്നെ ടിയാനെ ഉപേക്ഷിച്ചുപോയിട്ടുള്ളതാകുന്നു. അഹാഡ്സ് മുഖാന്തിരം നിർമ്മിച്ചു നൽകിയ വീട്ടിൽ ടിയാനും അമ്മയും കൂടി താമസിച്ചു വരികയായിരുന്നു. ഇതിനിടെ ഒരു വർഷം മുമ്പ് ശ്രീ. കക്കിയുടെ മാതാവ് മരണപ്പെടുകയുണ്ടായി. ഇതിനു ശേഷം അഗളി ഗ്രാമപഞ്ചായത്തിലെ കാവുണ്ടക്കലിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനത്തിൽ (കാരുണ്യാശ്രമം) ശ്രീ. കക്കി താമസിച്ചു വരികയായിരുന്നു. കാരുണ്യാശ്രമത്തിൽ താമസിച്ചിരുന്ന അവസരത്തിൽ ടിയാന് ആയുർവേദ ചികിത്സ ലഭ്യമാക്കിയിരുന്നു. 8 മാസം മുമ്പ് ടിയാന്റെ ഇളയ സഹോദരൻ ശ്രീ. കാളി ടിയാനെ വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോകുകയുണ്ടായി. ഇതിനു ശേഷം, അഹാഡ്സ് നിർമ്മിച്ചു കൊടുത്തിട്ടുള്ള വീട്ടിൽ ഒറ്റക്ക് താമസിച്ചു വരികയായിരുന്നു. പക്ഷാഘാതത്തെ തുടർന്ന് ശരീരത്തിന്റെ വലതു ഭാഗത്ത് ചലന |

| | | | |
|---|---|---|---|
| | | | ശേഷി നഷ്ടപ്പെട്ട് കഴിയുകയായിരുന്ന ശ്രീ. കക്കി ഇതിനിടെ ഏകദേശം 5 ദിവസം ശരീരം ചലിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലായതിനെത്തുടർന്നും ഭക്ഷണം യഥാസമയം ലഭിക്കാത്തതിനാലുമുണ്ടായ നിർജ്ജലീകരണാവസ്ഥയിൽ 25.07.2012 രാവിലെ 11.00 മണിക്ക് ടിയാനെ കോട്ടത്തറ സർക്കാർ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അർദ്ധബോധാവസ്ഥയിൽ കൊണ്ടുപോകുകയുണ്ടായി. 5 ദിവസത്തോളം ശരീരം ചലിക്കാതെ കിടന്നിരുന്നതിനാൽ ടിയാന്റെ വായുടെ അരികിലും മൂക്കിലും പുഴുക്കളുണ്ടായിരുന്നതായും കോട്ടത്തറ ആശുപത്രിയിലെ ഡോക്ടർ പറഞ്ഞിരുന്നു. ശ്രീ. കക്കിയെ ഡ്രിപ്പ് നൽകിയും മറ്റ് ചികിത്സകൾ മുഖേനയും സാധാരണ നിലയിലേക്ക് കൊണ്ട് വരുവാൻ ആശുപത്രി അധികൃതർ ശ്രമിച്ചുവെങ്കിലും ടിയാൻ മരണപ്പെടുകയുണ്ടായി. ശ്രീ. കക്കിയുടെ ദയനീയാവസ്ഥ യഥാസമയം വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ ഊരിലെ തന്നെ താമസക്കാരിയായ എസ്.റ്റി. പ്രമോട്ടറുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യ വിലോപം ഉള്ളതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാരിയെ ജോലിയിൽ നിന്നും പിരിച്ചുവിട്ടിട്ടുള്ളതാകുന്നു. |

**സെക്ഷൻ ഓഫീസർ**